# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 7

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എച്ച്.എം.(2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ എൽ.എൽ.ബി(റഗുലർ, സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ഐ.എം.സി.എ.(2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) ഡി.ഡി.എം.സി.എ.(2014 മുതൽ 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ ഐ.എം.സി.എ.(2019 അഡ്മിഷൻ റഗുലർ, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി) ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ.(2014 മുതൽ 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാറ്റിവച്ചു.

(പി.ആർ.ഒ/39/697/2020)

## പരീക്ഷതീയതി

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും നാലാം സെമസ്റ്റർ ബി.എഡ്. (2018 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി-ദ്വിവത്സരം) പരീക്ഷ ജൂലൈ 22 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/698/2020)

## അപേക്ഷ തീയതി

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിലെ രണ്ടാം സെമസ്റ്റർ എം.എഫ്.എ.(2018 അഡ്മിഷൻ റഗുലർ, സപ്ലിമെന്ററി-2017 അഡ്മിഷൻ ഒഴികെ) പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂലൈ 13 വരെയും 525 രൂപ പിഴയോടെ ജൂലൈ 14 വരെയും 1050 രൂപ സൂപ്പർ ഫൈനോടെ ജൂലൈ 15 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/699/2020)

## പരീക്ഷഫലം

2019 ഡിസംബറിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് (സി.എസ്.എസ്. 2018-19 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/700/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം.(സി.എസ്.എസ്- റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/701/2020)

## മണ്ണും ആഹാരവും സുസ്ഥിര കൃഷിയും; വെബിനാർ നടത്തി

മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആനഡ് എക്സ്റ്റൻഷൻ വകുപ്പിന്റെയും ഒഹായോ സ്റ്റേറ്റ് സർവകലാശാലയുടെയും ആഭിമുഖ്യത്തിൽ 'മണ്ണും ആഹാരവും സുസ്ഥിര കൃഷിയും' എന്ന

വിഷയത്തിൽ വെബിനാർ നടത്തി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. 2020ലെ ലോക ഫുഡ് പ്രൈസ് ജേതാവായ പ്രൊഫ. രത്തൻലാൽ മുഖ്യപ്രഭാഷണം നടത്തി. ജൈവ മണ്ണ സംരക്ഷണ മാർഗങ്ങൾ അവലംബിച്ചും വിഷരഹിത കാർഷിക വിളകളുടെ ഉത്പാദന-സംരക്ഷണ രീതികൾ വികസിപ്പിച്ചും പരിശീലനം നൽകിയും ശാരീരികവും മാനസികവുമായി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ ശാസ്ത്ര ലോകത്തിന് മുഖ്യപങ്കുവഹിക്കാനാകുമെന്ന് ഡോ. രത്തൻലാൽ പറഞ്ഞു. സ്കൂൾ ഓഫ് ബയോസയൻസിലെ അധ്യാപകൻ ഡോ. ജെ.ജി. റേ അധ്യക്ഷത വഹിച്ചു. വകുപ്പ് മേധാവി കെ.എ. മഞ്ജൂഷ, ജൈവകൃഷി പ്രചാരകനായ കെ.വി. ദയാൽ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/702/2020)

## ഡിസ്റ്റൻസ് എജ്യൂക്കേഷൻ; ടി.സി, സി.സി. തപാലിൽ ലഭിക്കും

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിൽ വിവിധ കോഴ്സുകൾ പൂർത്തീകരിച്ച 2018 വരെയുള്ളവർക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന ലഭിക്കുന്നതിന് അപേക്ഷിക്കാം. തപാൽ ചെലവ് ഈടാക്കി ടി.സി., സി.സി. എന്നിവ ലഭ്യമാകുന്നതിന് sde.documents@mgu.ac.in എന്ന ഇ-മെയിലിലേക്ക് അപേക്ഷ നൽകാം. വിശദവിവരത്തിന് ഫോൺ: 0481 2730491.

(പി.ആർ.ഒ/39/703/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ